സ്റ്റാഫ് ഗെയിംസ്

253 (1958) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം കേരളത്തിന് അനുവദിക്കാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിരുന്ന സാഫ് ഗെയിംസ് വേദി ഇപ്പോൾ മാറ്റുന്നതിന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്നാണ് അറിയിച്ചിരിക്കുന്നത് ;

(സി) സാഫ് ഗെയിംസ് കേരളത്തിൽ തന്നെ നടത്തുന്നതിന് സർക്കാർ ശ്രമിക്കുമോ ?

ഉത്തരം

(എ-സി) കേരളത്തിൽ വച്ച് സാഫ് ഗെയിംസ് നടത്തുന്നത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽനിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ല എന്നാൽ കേരളം സാഫ് ഗെയിംസ് നടത്തുന്നതിന് ഏറ്റവും സൗകര്യമുള്ള സംസ്ഥാനമാണെന്ന് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ തീരുമാനിക്കുകയും അക്കാര്യം അറിയിക്കുകയും ചെയ്തിട്ടുണ്ട്. സാഫ് ഗെയിംസ് കേരളത്തിൽ തന്നെ നടത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാന കായികമന്ത്രി കേന്ദ്ര കായിക മന്ത്രിയ്ക്ക് കത്തെഴുതിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് ആട്യാ പാട്യാ അസോസിയേഷന് അംഗീകാരം

254 (1959) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ആട്യാ പാട്യാ അസോസിയേഷന് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള പ്രധാന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ആട്യാ പാട്യാ അസോസിയേഷന് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം നൽകുന്നതിന് അജണ്ടയിൽ ഉൾപ്പെടുത്തി ഇക്കാര്യം ചർച്ച ചെയ്ത് പരിശോധിച്ചിട്ടുണ്ടോ ; ഇന്ത്യൻ ഒളിമ്പിക്സ് അസ്സോസിയേഷൻ ഈ കളിയെ അംഗീകരിച്ചിട്ടുണ്ടോ ;

(സി) ആട്യാ പാട്യാ അസോസിയേഷന് അംഗീകാരം നൽകണമെന്നു കാണിച്ച് അസോസിയേഷൻ എത്ര നിവേദനം നൽകിയിട്ടുണ്ട് ; ഇതു സംബന്ധിച്ച് ഈ വിഷയത്തിൽ എടുത്ത നടപടികൾ വ്യക്തമാക്കാമോ ; പരാതിക്കാർക്ക് എന്തെങ്കിലും മറുപടി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 27-4-2015-ൽ കൂടിയ കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ 2000-ലെ കേരള സ്പോർട്ട്സ് ആക്ട്, 2008-ലെ കേരള സ്പോർട്ട്സ് ചട്ടങ്ങൾ പ്രകാരം ആട്യാ പാട്യാ കളിയിനത്തിൽ അഡ്വ. മോൻസ് ജോസഫ് പ്രസിഡന്റും, ശ്രീ. സുഭാഷ് ജോസഫ് സെക്രട്ടറിയുമായുള്ള "കേരള സ്റ്റേറ്റ് ആട്യാ പാട്യാ അസോസിയേഷന" അംഗീകാരം നൽകാൻ തീരുമാനമായിട്ടുണ്ട്.

(ബി) ആട്യാ പാട്യാ അസോസിയേഷന് സ്പോർട്ട്സ് കൗൺസിലിന്റെ അംഗീകാരം നൽകുന്നത് സംബന്ധിച്ച് അജണ്ടയിൽ ഉൾപ്പെട്ടുത്തി ചർച്ച ചെയ്തിട്ടുണ്ട്. ആട്യാ പാട്യാ അസോസിയേഷനെ ഇന്ത്യൻ ഒളിമ്പിക്സ് അസോസിയേഷൻ അംഗീകരിച്ചിട്ടില്ല.

(സി) ആട്യാ പാട്യാ അസോസിയേഷനിൽ നിന്നും അംഗീകാരം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ലഭിച്ച നാല് നിവേദനങ്ങൾ 27-4-15-ൽ കൂടിയ കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം പരിശോധിച്ച് 'ടി' അസോസിയേഷന് അംഗീകാരം നൽകാൻ തീരുമാനിക്കുകയും ആയത് പ്രകാരം 11-6-2015-ന് അസോസിയേഷന് മറുപടിയും നൽകിയിട്ടുണ്ട്.

കായിക നയം

255 (1960) ശ്രീ. അൻവർ സാദത്ത്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കായിക നയം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിലവിലുള്ള കായിക നയത്തിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതിനായി പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഉണ്ടെങ്കിൽ കമ്മിറ്റിയുടെ പരിഗണനാവിഷയങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly